Lalith Babu

# ആവശ്യപ്പെടുന്ന വിവരം വളരെ വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്

ലഭ്യമായ ഫയൽ നമ്പരിന്റെ അടിസ്ഥാനത്തിൽ ഉപയോഗ്യശൂന്യമായി മാറ്റിയിട്ടിരുന്ന കടലാസുകളുടെ ഇടയിൽ നിന്ന് പലദിവസങ്ങൾ തിരഞ്ഞ ശേഷമാണ് ഫയൽ കണ്ടുപിടിക്കാൻ സാധിച്ചതെന്നും ഫയൽ ലഭിച്ച ദിവസംതന്നെ ഫയലിന്റെ പകർപ്പ് സഹിതം അപ്പീൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും എതൃകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് വ്യക്തത കുറവായിരുന്നുവെന്ന മൂന്നാം എതൃകക്ഷിയുടെ വിശദീകരണം കമ്മീഷൻ സ്വീകരിക്കുന്നു. അപേക്ഷക്ക് വ്യക്തത കുറവായിരുന്നുവെങ്കിൽ അപേക്ഷ വ്യക്തമാക്കിത്തരുവാൻ അപ്പീൽ ഹർജിക്കാരനോടുതന്നെ ആവശ്യപ്പെടുകയായിരുന്നു പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ചെയ്യേണ്ടിയിരുന്നത്. ഈ കാര്യത്തിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും മൂന്നാം എതൃകക്ഷി വിശദീകരിച്ച പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മൂന്നാം എതൃകക്ഷിക്കെതിരെ ആരംഭിച്ച പിഴ ശിക്ഷാനടപടികൾ തുടരേണ്ടതില്ലെന്ന് കമ്മിഷൻ തീരുമാനിക്കുന്നു. മേലിൽ വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിയമാനുസൃതം കൈകാര്യം ചെയ്യുന്നതിൽ വീഴ്ചയുണ്ടായാൽ കർശന നടപടിയുണ്ടാകുന്നതാണെന്ന് മൂന്നാം എതൃകക്ഷിക്ക് കമ്മീഷൻ താക്കീത് നൽകുന്നു.

അപ്പീൽ ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2010 ഫെബ്രുവരി മാസം 05 -ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.